തിരുവല പഞ്ചായത്ത് പഞ്ചവത്സര പദ്ധതി

41 (3325) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. എ. മാധവൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവല പഞ്ചായത്ത് പഞ്ചവത്സര പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിലെ ഉദ്യോഗസ്ഥ മേധാവിത്വം അവസാനിപ്പിച്ച് ജനപ്രതിനിധികൾക്ക് അധികാരം ലഭ്യമാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഒമ്പതാം പഞ്ചവത്സര പദ്ധതി മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പഞ്ചവത്സര പദ്ധതി നടപ്പാക്കിവരുന്നു. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ മൂന്നാം വാർഷികപദ്ധതി, നിർവ്വഹണത്തിന്റെ അവസാനഘട്ടത്തിലാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇപ്പോൾ നാലാം വാർഷിക പദ്ധതിയുടെ (2015-16) രൂപവത്കരണ പ്രക്രിയയിലാണ്.

(ബി) ഭരണഘടനയിലെ വ്യവസ്ഥകൾക്ക് വിധേയമായി തിരുവല പഞ്ചായത്തുകളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെന്ന നിലയിൽ പ്രവർത്തിക്കാൻ പ്രാപ്തമാകും വിധം ഭരണഘടനയുടെ 11-ാം പട്ടികയിൽ ചേർത്തിട്ടുള്ള സംഗതികൾ ഉൾപ്പെടെ സാമ്പത്തിക വികസനത്തിനും സാമൂഹിക നീതിക്കുമുള്ള പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭൂപ്രകൃതിയുടെയും അവിടുത്തെ ജനങ്ങളുടേയും സമഗ്ര വികസനവും പുരോഗതിയുമാണ് പരമമായ ലക്ഷ്യം. 12-ാം പദ്ധതിയുടെ സമഗ്ര വികസന കാഴ്ചപ്പാടിലൂന്നി കേന്ദ്ര-

*

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന ആവിഷ്കൃത പരിപാടികൾ, വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, മിഷനുകൾ എന്നിവർ ചെയ്യുന്ന പ്രവർത്തനങ്ങൾ അപഗ്രഥിച്ച് അവയിൽ സംയോജിപ്പിക്കാനും ഏകോപിപ്പിക്കാനും കഴിയുന്നവ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയിൽ സംയോജിപ്പിക്കേണ്ടതും അവയിൽ പരിഗണിക്കപ്പെടാത്ത പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതും ലക്ഷ്യമിടുന്നു.

(സി) പഞ്ചവത്സര പദ്ധതി നടത്തിപ്പിൽ ഉദ്യോഗസ്ഥ മേധാവിത്വം ഉണ്ടായിട്ടില്ല. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും ഗ്രാമസഭകളുടെയും തീരുമാനങ്ങൾക്ക് വിധേയമായിട്ടാണ് പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപ്പിലാക്കുന്നതും.

(ഡി) ബാധകമല്ല.

ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ പുതുതായി താലൂക്ക് സ്റ്റാറ്റിസ്റ്റിക്സ് ഓഫീസുകൾ

42 (3326) ശ്രീ. വി. പി. സജീന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കണോമിക്സ് & സ്റ്റാസ്റ്റിക്സ് വകുപ്പിൽ പുതുതായി 14 താലൂക്ക് സ്റ്റാറ്റിസ്റ്റിക്സ് ആഫീസുകൾ അനുവദിക്കാൻ പ്രഖ്യാപനം നടത്തുകയുണ്ടായോ ;

(ബി) പ്രസ്തുത ആഫീസുകളുടെ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്ത് നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല. റവന്യു താലൂക്കുകൾക്കനുസൃതമായി താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസുകൾ നിലവിലില്ലാത്ത 14 താലൂക്കുകളിൽ, താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസുകൾ രൂപീകരിക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

ഉടുമ്പൻചോല ഇക്കണോമിക്കൽ & സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്

43 (3327) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉടുമ്പൻചോല ഇക്കണോമിക്കൽ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസ് എവിടെയാണ് പ്രവർത്തിക്കുന്നത് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly